പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 890 — 29/09/2011 -ൽ മറുപടിക്ക്

## സർട്ടിഫിക്കറ്റ് മാറ്റിക്കിട്ടാൻ നടപടി

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| --- | --- |
| (എ) 2009 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ കുട്ടികൾക്ക് നൽകിയ സർട്ടിഫിക്കറ്റിൽ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങളും മാർക്കും മാഞ്ഞുപോയ കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇങ്ങനെ സംഭവിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ മാറ്റിക്കൊടുക്കുന്ന തിന് നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ; | (ബി) നടപടികൾ സത്വരമായി കൈക്കൊണ്ടി രുന്നു. പുതിയ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചവർക്കെല്ലാം ന്യൂനത കണ്ടെത്തിയ കാർഡുകൾ തിരികെ വാങ്ങിയ ശേഷം ന്യൂനത പരിഹരിച്ച പുതിയ സർട്ടിഫിക്കറ്റുകൾ ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെ തന്നെ പകരമായി നൽകി. |
| (സി) പ്രസ്തുത ബാച്ചിലുള്ള മറ്റു കുട്ടിക ളുടെ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ മാഞ്ഞുപോയതായി ഇപ്പോൾ കണ്ടെ ത്തിയാൽ അവർക്കും സർട്ടിഫിക്കറ്റ് മാറ്റികൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാ ക്കുമോ ; | (സി) ഇനിയും ഇക്കാര്യത്തിൽ അപേക്ഷ ലഭിച്ചാൽ ഡ്യൂപ്ലിക്കേറ്റ് സീൽ പതിക്കാതെ തന്നെ പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. |
| (ഡി) നിലവാരം കുറഞ്ഞ മഷി ഉപയോഗിച്ച് ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ തയ്യാറാക്കിയതിനെക്കുറിച്ച് അന്വേ ഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ ? | (ഡി) അന്വേഷണം നടത്തിയിട്ടുണ്ട്. 2009 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാർത്ഥികൾക്ക് നൽകിയ സർട്ടിഫി ക്കറ്റുകൾ ജാപ്പാനീസ് ഐവറി കെന്റ് കാർഡ് ഉപയോഗിച്ചാണ് പ്രിന്റ് ചെയ്തത്. ടി കാർഡ് നിർമ്മാണത്തിലെ സാങ്കേതിക പിഴവാണ് (കൂളിങ്ങ് സിസ്റ്റത്തിലെ) നിലവാരമില്ലായ്മയ്ക്ക് കാരണമെന്ന് മനസ്സി ലാക്കുന്നു. 2009 മുതൽ സർട്ടിഫിക്കറ്റു കളിൽ പരീക്ഷാർത്ഥികളുടെ ഫോട്ടോ |

ഒട്ടിക്കുന്നതിനു പകരം പ്രിന്റ് ചെയ്ത് ചേർക്കുന്നതിനാണ് പുതിയ കാർഡ് ഉപയോഗിച്ചത്. ടി കാർഡുകളിലെ നിർമ്മാണ തകരാറാണ് പ്രിന്റിംഗ് മാഞ്ഞു പോകുന്നതിന് കാരണമായത്. സർട്ടിഫിക്കറ്റ് പ്രിന്റിംഗിലെ ന്യൂനത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ശേഷിച്ച നിലവാരമില്ലാത്ത കാർഡുകൾ കമ്പനിക്ക് തിരികെ നൽകി, പകരം പുതിയ കാർഡുകൾ Free cost ൽ വാങ്ങിയാണ് പ്രിന്റ് ചെയ്ത് വീണ്ടും സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിയത്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച പറ്റിയിട്ടില്ല. കാർഡ് നിർമ്മാണത്തിലെ സാങ്കേതിക തകരാറ് മാത്രമാണ് വീഴ്ചയ്ക്ക് കാരണമായത്.

സെക്ഷൻ ഓഫീസർ